<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 700</u> <u>17-09-2025 - ൽ മറുപടിയ്ക്ക്</u>

<u>പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുള്ള പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ 2020 എപ്പോൾ കാലഹരണപ്പെട്ടുമെന്ന് വ്യക്തമാക്കാമോ; കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കരട് റെഗുലേഷൻ പുറപ്പെട്ടുവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പുതിയ പുനരുപയോഗ ഊർജ്ജ റെഗുലേഷൻ എപ്പോഴാണ് പ്രാബല്യത്തിൽ വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള പുനരുപയോഗ ഊർജ്ജ, നെറ്റ് മീറ്ററിംഗ് റഗുലേഷൻ 2020 - ന്റെ, നിയന്ത്രണ കാലാവധി 2025 മാർച്ച് 31-ന് അവസാനിച്ചു. എന്നാൽ പുതിയ റഗുലേഷൻ പ്രസിദ്ധീകരിക്കുന്നതുവരെ നിലവിലുള്ള റഗുലേഷനിലെ വ്യവസ്ഥകൾ ബാധകമായിരിക്കും. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെട്ടുവിച്ച കരട് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആന്റ് റിലേറ്റഡ് മാറ്റേഴ്സ്) റഗുലേഷൻസ്, 2025, സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.<br><br>കമ്മീഷന്റെ വെബ് സൈറ്റിൽ മേയ് 31, 2025- ന് കരട് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആന്റ് റിലേറ്റഡ് മാറ്റേഴ്സ്) റഗുലേഷൻസ്, 2025, പ്രസിദ്ധീകരിച്ചിരുന്നു. ഇതിനോട് അനുബന്ധിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാൻ ജൂലൈ 18, 2025 വരെ സമയം അനുവദിച്ചിരുന്നു. കൂടാതെ 08.07.2025, 10.07.2025, 11.07.2025, 15.07.2025, 16.07.2025, 17.07.2025 എന്നീ തീയതികളിൽ കമ്മീഷൻ 15 സെക്ഷനുകൾ ഉൾപ്പെട്ട ഓൺലൈൻ പബ്ലിക് ഹിയറിംഗ് നടത്തിയിരുന്നു. 885 ഓളം വ്യക്തികൾ ഓൺലൈൻ ഹിയറിംഗിൽ പങ്കെടുത്തിരുന്നു. ഏകദേശം 3,500 നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭിച്ചിരുന്നു. ഇതെല്ലാം കമ്മീഷന്റെ അവലോകനത്തിലാണ്. പുതിയ പുനരുപയോഗ ഊർജ്ജ റഗുലേഷൻ പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ഈ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമെല്ലാം കണക്കിലെടുക്കുന്നതാണ്. അന്തിമമായി റഗുലേഷൻ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതിയ റഗുലേഷൻ പ്രാബല്യത്തിൽ വരുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ഇ.ആർ.സി. പക്ഷപാതപരമായ കരട് റെഗുലേഷൻ പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരട് റെഗുലേഷൻ സംസ്ഥാനത്തെ പുതിയതും നിലവിലുള്ളതുമായ സോളാർ ഇൻസ്റ്റലേഷനുകളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | കെ.എസ്.ഇ.ആർ.സി. പക്ഷാപാതപരമായി കരട് റഗുലേഷൻ പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അധികാരം റഗുലേഷൻസ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതിനുള്ള ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 86, 181 അനുസരിച്ച് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നതാണ്. സംസ്ഥാനത്ത് നിലവിലുള്ള പുനരുപയോഗ ഊർജ്ജത്തിന്റെ ലഭ്യതയും അതിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയും, 2040-ഓടു കൂടി സംസ്ഥാനത്തെ ഊർജ്ജ ഉപയോഗം പൂർണ്ണമായും പുനരുപയോഗ ഊർജ്ജത്തിൽ നിന്നാക്കാനുള്ള നയങ്ങളുടെ ഭാഗമായാണ് കമ്മീഷൻ പുതിയ കരട് റഗുലേഷൻസ് പ്രസിദ്ധീകരണം ചെയ്തിട്ടുള്ളത്.<br><br>നിലവിലെ നെറ്റ് മീറ്ററിംഗ് സംവിധാന പ്രകാരമുള്ള ബില്ലിംഗ് കാരണം, കെ.എസ്.ഇ.ബി.എൽ. - ന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയും, തുടർന്ന് ഈ ബാധ്യത സോളാർ വയ്ക്കാത്ത സാധാരണ ഉപഭോക്താക്കളിലേക്ക് എത്തപ്പെടുന്നതുമായ സാഹചര്യം കണക്കിലെടുത്താണ് റെഗുലേറ്ററി കമ്മീഷൻ കരടുചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇത് പക്ഷപാതപരമായിട്ടുള്ള സമീപനം അല്ല. മറിച്ച്, നിലവിലെ അപാകത പരിഹരിക്കുന്നതിനും പുനരുപയോഗ ഊർജ്ജ മേഖലയുടെ സുസ്ഥിരവികസനവും ലക്ഷ്യം വച്ചിട്ടുള്ളതാണ്. കരട് റെഗുലേഷൻ പ്രകാരം, നിലവിലെ സോളാർ പ്രൊസ്യൂമേഴ്സിന് തുടർന്നും നിലവിലത്തെ സാഹചര്യത്തിൽ തുടരാം എന്ന് കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. പുതുതായി വരുന്നവർക്ക് ചില നിയന്ത്രണങ്ങൾ മാത്രമാണ് വരുത്തിയിരിക്കുന്നത്. പ്രസ്തുത മാറ്റം വൈദ്യുതി ശൃംഖലയുടെ സുരക്ഷിതത്വത്തിനും, മറ്റു ഉപഭോക്താക്കൾക്ക് അധിക സാമ്പത്തിക ഭാരം ഉണ്ടാകാതിരിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. |
| (സി) | കരട് റെഗുലേഷൻ സംസ്ഥാനത്തെ നിലവിലുള്ള സോളാർ ഇൻസ്റ്റാളേഷനുകളുടെ ബാങ്കിങ് ഫെസിലിറ്റി, നോർമലൈസേഷൻ ഫാക്ടർ (നോർമൽ അവേഴ്സ്, പീക്ക് അവേഴ്സ്, നോൺ-പീക്ക് അവേഴ്സ് ) എന്നിവയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് നിലനിൽക്കുന്ന വൈദ്യുതിയുടെ ലഭ്യതയും ഉപഭോഗവും കണക്കാക്കി ഇലക്ട്രിക്കൽ, സിസ്റ്റത്തിന്റെ വോൾട്ടേജ്, ആവൃത്തി എന്നിവ നിലനിർത്തി 24X7 വൈദ്യുതി ലഭിക്കുന്നതിനുള്ള ചട്ടങ്ങൾ പുറപ്പെടുവിപ്പിക്കേണ്ടത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവാദിത്വമാണ്. അത് അനുസരിച്ചുള്ള സാങ്കേതികവും, സാമ്പത്തികവുമായ കാര്യങ്ങൾ കണക്കാക്കിയാണ് കമ്മീഷൻ കരട് റഗുലേഷൻസ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്നത്. അതിന്മേൽ സ്റ്റേക്ക് ഹോൾഡേഴ്സസിൽ നിന്നു കിട്ടുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിമർശനങ്ങളും പരിഗണിച്ചായിരിക്കും കമ്മീഷൻ ഫൈനൽ റഗുലേഷൻ പുറപ്പെടുവിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിന് വിവിധ സ്റ്റേക്ക് ഹോൾഡർമാരിൽ നിന്നും ലഭിച്ചിട്ടുള്ള അഭിപ്രായങ്ങൾ കമ്മീഷന്റെ പരിഗണനയ്ക്ക് നല്കിയിട്ടുണ്ട്.<br><br>2 കിലോവാട്ട് വരെ സോളാർ പ്ലാന്റ് കപ്പാസിറ്റിയുള്ളവർക്ക്, നോർമലൈസേഷൻ ഫാക്ടർ, കരട് റെഗുലേഷൻ പ്രകാരം ബാധകമല്ല. മറ്റുള്ളവർക്ക് നോർമലൈസേഷൻ ഫാക്ടർ പ്രകാരം നാമമാത്രമായ വ്യതിയാനമാണ് നിലവിലത്തെ സാഹചര്യത്തിൽ നിന്നുണ്ടാകുന്നത്. വികേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള നിലപാടുകൾ സഹായകരമാകും. അതിനാൽ നോർമലൈസേഷൻ ഫാക്ടർ കൊണ്ടുവരുന്നത് സോളാർ ഇൻസ്റ്റലേഷനിൽ നിന്നുള്ള വൈദ്യുതി പകൽ സമയത്ത് കൂടുതൽ ഉപയോഗിക്കുന്നതിനോ സംഭരിച്ചു വയ്ക്കുന്നതിനോ ഉപഭോക്താക്കളെ ബോധവാന്മാരാക്കും. |
| (ഡി) | പുതിയ കരട് റെഗുലേഷൻ സംസ്ഥാനത്തെ സോളാർ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെയും സോളാർ വ്യാപാരത്തെയും സർക്കാരിനുള്ള നികുതി വരുമാനത്തെയും ബാധിക്കുമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | കരട് റഗുലേഷൻസ് സംസ്ഥാനത്തെ പുനരുപയോഗ ഊർജ്ജ ഉൽപ്പാദന സംവിധാനം പതിന്മടങ്ങ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. അതിനാൽ അതുമായി ബന്ധപ്പെട്ടിട്ടുള്ള ആശങ്കകൾ അസ്ഥാനത്താണ്.<br><br>കരട് റഗുലേഷൻ സോളാർ മേഖലയെ ബാധിക്കില്ല. എന്നുമാത്രമല്ല കരട് റെഗുലേഷനിൽ നിരവധി പുതിയ സാധ്യതകൾ തുറന്നിടുന്നുമുണ്ട്. വെർച്വൽ പവർ പ്ലാന്റ്, വെർച്വൽ നെറ്റ് മീറ്ററിംഗ്, പിയർ ടു പിയർ, എനർജി സ്റ്റോറേജ് സിസ്റ്റം എന്നിവ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതും അധിക നികുതി വരുമാനം ലഭ്യമാകുന്നതുമായ വിവിധ നിർദ്ദേശങ്ങൾ റെഗുലേഷനിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഇ) | കരട് റെഗുലേഷന്റെ വാദം കേൾക്കുന്ന സമയം 99.99% സ്റ്റോക്ക്ഹോൾഡേഴ്സും കരട് റെഗുലേഷനെ എതിർത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | കരട് റഗുലേഷൻസിനു മേൽ കമ്മീഷന് ഏകദേശം നാലായിരത്തോളം അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമാണ് ലഭിച്ചിട്ടുള്ളത്. കമ്മീഷൻ തീരുമാനിച്ച തീയതിയ്ക്ക് മുൻപ് ലഭിച്ച പരാമർശങ്ങൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച രേഖകൾ, ഈ ഡ്രാഫ്റ്റ് റഗുലേഷൻ അന്തിമരൂപത്തിൽ പ്രഖ്യാപിക്കുന്നതിനു മുമ്പ് കമ്മീഷൻ അവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പരിഗണിക്കും. |

| | | | |
|---|---|---|---|
| | | | കരട് റെഗുലേഷൻ മേൽ വാദം നടക്കുമ്പോൾ, സോളാർ ഡെവലപ്പർമാർ സംഘമായി ചേർന്ന് വിവിധ സ്ലോട്ടുകളിൽ രജിസ്റ്റർ ചെയ്യുകയും സാധാരണ ഉപഭോക്താക്കൾ എന്ന പേരിൽ കയറി വ്യാജമായി എതിർക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ കരട് റെഗുലേഷനിൽ വാദം കേൾക്കുന്ന സമയത്ത് 99.9 ശതമാനം സ്റ്റേക്ക് ഹോൾഡേഴ്സും ഇതിനെ എതിർത്തു എന്ന് പറയുന്നത് ശരിയല്ല. നിലവിലെ റഗുലേഷൻ പ്രകാരം സോളാർ ഇതര ഉപഭോക്താക്കളുടെ മേൽ അധിക സാമ്പത്തിക ബാധ്യത വരുത്തിവച്ച ശേഷം അമിത ലാഭം എടുക്കുന്ന ഒരു കൂട്ടം ഡെവലപ്പർമാർ മാത്രമാണ് ഇതിനെ എതിർത്തത്. നിലവിലെ റെഗുലേഷനിലെ ചട്ടങ്ങൾ ഭേദഗതി വരുത്തിയാൽ മാത്രമേ സോളാർ ഇതര ഉപഭോക്താക്കൾക്കും മറ്റ് സാധാരണ ഉപഭോക്താക്കൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ സാധിക്കുകയുള്ളൂ. വൈദ്യുത റഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള വാദങ്ങൾ ഉൾപ്പെടെ പരിശോധിച്ചാണ് അന്തിമ ഉത്തരവ് പുറപ്പെടുവിക്കാറുള്ളത്. |
| (എഫ്) | നിലവിലെ കരട് നിയമമാകുമ്പോൾ വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ എൻ.എസ്.ക്യു.എഫ്. അംഗീകൃത കോഴ്സ് ആയ സോളാർ & എൽ.ഇ.ഡി. ടെക്നീഷ്യൻ പോലെയുള്ള സോളാർ അധിഷ്ഠിത കോഴ്സുകൾ പഠിച്ച് ഇറങ്ങുന്ന വിദ്യാർത്ഥികളുടെ ജോലിസാധ്യതയെ സാരമായി ബാധിക്കുമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്ക് മറ്റ് തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുമോയെന്ന് അറിയിക്കുമോ? | (എഫ്) | ഈ ആശങ്കൾ വസ്തുതകൾക്ക് നിരക്കുന്നതല്ല. നിരവധി പുതിയ നിർദ്ദേശങ്ങൾ റെഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മേഖലയിൽ ജോലി സാധ്യത വർദ്ധിപ്പിക്കും. |

സെക്ഷൻ ഓഫീസർ